(ബി) വീട് കവർച്ച, ഭവനഭേദനം, സ്ത്രീകളുടെ മാലപൊട്ടിക്കൽ, ബലാൽസംഗം, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, പെൺവാണിഭം, വേശ്യാലയം നടത്തിപ്പ് എന്നീ കുറ്റകൃത്യങ്ങളിൽ 2001 മേയ്മാസത്തിനു ശേഷം എത്ര കേസുകൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ കേസുകളിൽ ബന്ധപ്പെട്ട എത്ര പേർ ഇപ്പോൾ ജയിലിൽ കഴിയുന്നുണ്ട് എന്നും ഏതെങ്കിലും കേസുകളിൽ ശിക്ഷ നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1194 കൊലപാതകങ്ങൾ. ഇതു സംബന്ധിച്ച് 1121 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)	വീട് കവർച്ച ..	470	കേസുകൾ
	ഭവനഭേദനം ..	11570	,,
	സ്ത്രീകളുടെ മാലപൊട്ടിക്കൽ ..	997	,,
	ബലാൽസംഗം ..	1165	,,
	സ്ത്രീകളെ തട്ടിക്കൊണ്ടു പോകൽ ..	253	,,
	പെൺവാണിഭം ..	20	,,
	വേശ്യാലയ നടത്തിപ്പ് ..	13	,,

ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) 602 പേർ ജയിലിൽ കഴിയുന്നുണ്ട്. 141 കേസുകളിൽ ശിക്ഷ നൽകിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൊല ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട കേസുകൾ

83 [84] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ കൊല ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative-Assembly

(സി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 119 പേർ

(ബി) 114 കേസുകൾ

(സി) 64 കേസുകളുടെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) 6 കേസുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

അജ്ഞാത മൃതദേഹങ്ങൾ കണ്ടെത്തിയത് സംബന്ധിച്ച കേസുകൾ

84 [85] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര അജ്ഞാത മൃതദേഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്;

(ബി) ഇതിൽ കുട്ടികൾ, സ്ത്രീകൾ, പുരുഷൻമാർ എന്നിവർ എത്ര വീതം;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) അന്വേഷണത്തെ തുടർന്ന് അജ്ഞാത മൃതദേഹങ്ങളിൽ എത്ര എണ്ണം കൊലപാതകമാണെന്ന് തെളിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 909 അജ്ഞാത മൃതദേഹങ്ങൾ കണ്ടെടുത്തിട്ടുണ്ട്. അതിൽ ഒന്ന് അസ്ഥികൂടമായിരുന്നു.

(ബി)

കുട്ടികൾ	..	18
സ്ത്രീകൾ	..	79
പുരുഷൻമാർ	..	812
ആകെ	..	909

(സി) 909 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 22 എണ്ണം കൊലപാതകമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly